702755

**D 131170** **(Pages : 3)** **Name..........................................**

**Reg. No......................................**

**FIRST SEMESTER M.A. DEGREE REGULAR/SUPPLEMENTARY EXAMINATION, NOVEMBER 2025**

(CBCSS)

Malayalam

MAL1C02—MODERN POETRY

(ആധുനിക കവിത)

(2019 Admission onwards)

Time : Three Hours Maximum Weightage : 30

I. രണ്ടു പുറത്തിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (വെയിറ്റേജ് 2 വീതം)

1 "ഇണവെള്ളം തീണ്ടാതെ
ഉറങ്ങാതെ കിടക്കുന്നു
അരമുള്ള നാവുള്ള
മെരുക്കമില്ലാത്ത വെള്ളം
തെളിയാൻ കൂട്ടാക്കാത്ത
കലക്കമാണതിന്നുള്ളം"
—ആശയം വിശദമാക്കുക.

2 "ഇവിടെ ഞങ്ങൾക്കീപ്പഴയ മണ്ണിൽത്താ
നിനിയും ജീവിതം പടർത്തുകിൽ പോരും
ഉദരത്തിൻ പശി കെടുത്താൻ പോയ് ഞങ്ങൾ ;
ഹൃദയത്തിൻ വിശപ്പടക്കുവാൻ പോന്നു"
—സന്ദർഭമെന്ത് ?

3 "വേദന, വേദന ലഹരിപിടിക്കും
വേദന ഞാനതിൽ മുഴുകട്ടെ,
മുഴുകട്ടേ മമ ജീവനിൽ നിന്നൊരു
മുരളീ മൃദുരവമൊഴുകട്ടെ"
—ഇതിലെ കാല്പനിക വീക്ഷണം വ്യക്തമാക്കുക.

**Turn over**

702755

702755



4 “ഹിംസയ്ക്കും ഭോഗങ്ങൾക്കും തടവില്ലാത്താ യോധ-
വംശത്തിൻ ദൗർബല്യമെന്നമ്മയ്ക്ക കൊലവാളായ്
മന്ത്രിച്ചു മമാത്മാവിൽ, മാതൃഹന്താവിൻ മഴു
പൊന്താത്തതെന്തീസ്സുഖോത്മത്തർതൻ നേർക്കെന്നാരോ”
–വിവക്ഷിതമെന്ത് ?

5 “ഞാനൊന്നുചോദിക്കട്ടെ സാദരം മഹാമുനേ
ധ്യാനത്തിലുൾച്ചേരുന്നാ സച്ചിദാനന്ദം താനോ
മാനിച്ചീയിളം പൂമെയ് പുല്ക്കലിലുളവായോ-
രാനന്ദമിതോ ഭവാന്നധികം സമാസ്വാദ്യം”
–വിവക്ഷിതവും സ്വാരസ്യവും വ്യക്തമാക്കുക.

6 “മുള്ളുകൾ തറയ്ക്കുന്നു കാലുകൾ മുടന്തുന്നു
വിണ്ണിലേക്കുയരുന്ന വൈഖരി പോലെ നിന്റെ
പൊന്നുവാഗ്ദാനം വീണ്ടും കേൾക്കുമോ തഥാഗതാ!”
–വിശദീകരിക്കുക.

7 “പണ്ടു വനാന്ത വസന്ത നികുഞ്ജങ്ങൾ
കണ്ടു നടന്ന മദാലസ യൗവ്വനം
അന്നാദ്യമെത്തിപിടിച്ചു കശക്കിയ
മന്ദാരപുഷ്പത്തെ ഓർത്തുപോയ് രാവണൻ
—സൂചിതമെന്ത് ?

(4 × 2 = 8 weightage)

II. ഓരോന്നിനും നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (വെയിറ്റേജ് 3 വീതം)

8 യുക്തിചിന്തയിലൂടെ സ്ത്രീജീവിത യാതനകൾക്ക് പുതിയ പ്രതിരോധം തീർക്കുകയാണ് മാട്രിമോണിയൽ—വ്യക്തമാക്കുക.

9 കാല്പനിക ഭാവുകത്വത്തോടുള്ള കലാപമെന്ന നിലയിൽ കൊച്ചുതൊമ്മൻ എന്ന കവിതയെ അപഗ്രഥിക്കുക.

10 ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസത്തിന്റെ ആഖ്യാന സവിശേഷത വിവരിക്കുക.

702755

702755



11 ഇടതുപക്ഷ ആധുനികതയുടെ ഭാവന 'ബംഗാളി'ൽ പ്രകടമാവുന്നുണ്ടോ ? വിശദീകരിക്കുക.

12 കെ. ആർ. ടോണിയുടെ കവിതകളിലെ ഭാഷാഘടനയുടെ സവിശേഷതകൾ ദൈവപ്പാതിയെ മുൻനിർത്തി പരിശോധിക്കുക.

13 സ്നേഹശൂന്യനല്ല, സ്നേഹ സമ്പന്നനാണ് ദിവാകരൻ–സമർത്ഥിക്കുക.

14 പുതുകാല കവിതയിലെ ദലിത് പ്രാതിനിധ്യം പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.

(4 × 3 = 12 weightage)

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. (വെയിറ്റേജ് 5 വീതം)

15 പൂർവ്വകാല്പനിക കവിതയെന്ന വിശേഷണം മലയവിലാസത്തിന് എപ്രകാരം യോജിക്കുന്നു–ഉപന്യസിക്കുക.

16 സ്ത്രീയായിരിക്കുക എന്ന അനുഭവത്തിന്റെ വ്യതിരിക്തതയും നിലപാടുകളുടെ സൂക്ഷ്മതയുമാണ് മലയാള പെൺ കവിതകളുടെ കരുത്ത്–ബിന്ദുകൃഷ്ണന്റെയും അനിത തമ്പിയുടെയും വിജയലക്ഷ്മിയുടെയും കവിതകളെ മുൻനിർത്തി ഉപന്യസിക്കുക.

17 ഒ.എൻ.വി, വയലാർ, യൂസഫലി കേച്ചേരി എന്നിവരുടെ കവിതകൾ മലയാള കാവ്യഭാവുകത്വത്തെ പുതുക്കിയതെങ്ങനെയെന്ന് വിവരിക്കുക.

18 മലയാളത്തിലെ ഖണ്ഡകാവ്യ പ്രസ്ഥാനത്തിന്റെ സവിശേഷതകളെ കവിത്രയ രചനകളെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

(2 × 5 = 10 weightage)

702755